**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 344** **23-01-2025 - ൽ മറുപടിയ്ക്ക്**

**താത്കാലികമായി പണിയുന്ന ഷീറ്റിട്ടിട്ടുള്ള നിർമ്മാണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വെയിലും മഴയും കൊള്ളാതിരിക്കാൻ വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മുമ്പിൽ താത്കാലികമായി പണിയുന്ന ഷീറ്റിട്ടിട്ടുള്ള നിർമ്മാണങ്ങൾ പ്രത്യേക നിർമ്മിതിയായി കണക്കാക്കുമോ; വ്യക്തമാക്കാമോ; | (എ) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019-ന്റെ ചട്ടം 2(1)(n) പ്രകാരം 'കെട്ടിടം' എന്നാൽ മനുഷ്യവാസത്തിന് ഉപയോഗിക്കുവാനോ, അല്ലാതെയോ ഏതെങ്കിലുംആവശ്യത്തിനായിഏതെങ്കിലും വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ഏതെങ്കിലുമൊരു സ്ട്രക്ച്ചർ അല്ലെങ്കിൽ അതിന്റെ ഏതൊരു ഭാഗവും എന്ന ർത്ഥമാകുന്നതും അത് അടിത്തറ, പ്ലിന്ത്,ചുമരുകൾ, നിലകൾ, മേൽക്കൂരകൾ, ചിമ്മിനികൾ, പ്ലംബിംഗം കെട്ടിടസേവനങ്ങളും, ഉറപ്പിച്ച പ്ലാറ്റ്ഫോമുകൾ, വരാന്ത, ബാൽക്കണി, കോർണീസ് അല്ലെങ്കിൽ പ്രൊജക്ഷൻ, ഒരു കെട്ടിടത്തിന്റെ ഭാഗം അല്ലെങ്കിൽ അതിൽ ഘടിപ്പിച്ചിട്ടുള്ള എന്തെങ്കിലും അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയെയോ അല്ലെങ്കിൽ സ്ഥലത്തെയോ മറയ്ക്കുന്നതോ മറയ്ക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും മതിൽ, ചിഹ്നങ്ങൾ, പുറം സ്ഥലങ്ങളിലെ പ്രദർശന സ്ട്രക്ച്ചറുകൾ, ഏതെങ്കിലും രൂപത്തിലുള്ള രാസവസ്തുക്കൾ, വെള്ളം, മാലിന്യങ്ങൾ എന്നിവ സംഭരിക്കുന്നതിനായി നിർമ്മിച്ച അല്ലെങ്കിൽ ഉറപ്പിച്ച ടാങ്കുകളും മറ്റും ഉൾപ്പെടുന്നതുമാകുന്നു. അത് പ്രകാരം താൽക്കാലികമായി പണിയുന്ന ഷീറ്റിട്ടിട്ടുള്ള നിർമ്മാണങ്ങൾ കെട്ടിടത്തിന്റെ ഭാഗമായി കണക്കാക്കുന്നതും കെടിടനിർമ്മാണ ചട്ടങ്ങൾ ബാധകമാകുന്നതുമാണ്. |
| (ബി) | പ്രത്യേക നിർമ്മിതിയായി കണക്കാക്കുകയില്ലെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019-ന്റെ ചട്ടം 2(1)(n) പ്രകാരം 'കെട്ടിടം' എന്നാൽ മനുഷ്യവാസത്തിന് ഉപയോഗിക്കുവാനോ, അല്ലാതെയോ ഏതെങ്കിലുംആവശ്യത്തിനായിഏതെങ്കിലും വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ഏതെങ്കിലുമൊരു സ്ട്രക്ച്ചർ അല്ലെങ്കിൽ അതിന്റെ ഏതൊരു ഭാഗവും എന്ന ർത്ഥമാകുന്നതും അത് അടിത്തറ, പ്ലിന്ത്,ചുമരുകൾ, |

| | | | |
|---|---|---|---|
| | | | നിലകൾ, മേൽക്കൂരകൾ, ചിമ്മിനികൾ, പ്ലംബിംഗം കെട്ടിടസേവനങ്ങളും, ഉറപ്പിച്ച പ്ലാറ്റ്ഫോമുകൾ, വരാന്ത, ബാൽക്കണി, കോർണീസ് അല്ലെങ്കിൽ പ്രൊജക്ഷൻ, ഒരു കെട്ടിടത്തിന്റെ ഭാഗം അല്ലെങ്കിൽ അതിൽ ഘടിപ്പിച്ചിട്ടുള്ള എന്തെങ്കിലും അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയെയോ അല്ലെങ്കിൽ സ്ഥലത്തെയോ മറയ്ക്കുന്നതോ മറയ്ക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും മതിൽ, ചിഹ്നങ്ങൾ, പുറം സ്ഥലങ്ങളിലെ പ്രദർശന സ്ട്രക്ച്ചറുകൾ, ഏതെങ്കിലും രൂപത്തിലുള്ള രാസവസ്തുക്കൾ, വെള്ളം, മാലിന്യങ്ങൾ എന്നിവ സംഭരിക്കുന്നതിനായി നിർമ്മിച്ച അല്ലെങ്കിൽ ഉറപ്പിച്ച ടാങ്കുകളും മറ്റും ഉൾപ്പെടുന്നതുമാകുന്നു. അത് പ്രകാരം താൽക്കാലികമായി പണിയുന്ന ഷീറ്റിട്ടിട്ടുള്ള നിർമ്മാണങ്ങൾ കെട്ടിടത്തിന്റെ ഭാഗമായി കണക്കാക്കുന്നതും കെടിടനിർമ്മാണ ചട്ടങ്ങൾ ബാധകമാകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ